# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4402 — 17.12.2014- ൽ മറുപടി.

## ആരോഗ്യ സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. ടി.വി.രാജേഷ്<br>ശ്രീ. കെ.രാധാകൃഷ്ണൻ<br>ശ്രീ. ആർ.രാജേഷ് | ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യ സർവ്വകലാശാലയുടെ പ്രവർത്തനങ്ങളിൽ ഗുരുതരമായ പാളിച്ചയുണ്ടെന്ന ആക്ഷേപത്തെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ലോക്കൽ ഫണ്ട് ഓഡിറ്റിന്റെയും അക്കൗണ്ടന്റ് ജനറൽ ഓഫീസിന്റെ ഓഡിറ്റിലെയും പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ് ? | (ബി) സർവ്വകലാശാലയുടെ പ്രാരംഭ ദിശയിൽ അഫിലിയേഷൻ ഫലപ്രാപ്തി, അക്കൗണ്ടബിലിറ്റി, അഫിലിയേഷൻ കണക്കുകൾ, മറ്റ് ദൈനംദിന പ്രവർത്തനങ്ങൾ, കൂടാതെ സെനറ്റ്, എത്തിക്ക്സ് കമ്മിറ്റികൾ രൂപീകരിക്കുന്നത്, കെട്ടിടങ്ങളുടെ നിർമ്മാണം, മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ നിലവാരം തുടങ്ങിയവ സംബന്ധിച്ചായിരുന്നു പരാമർശങ്ങളും നിർദ്ദേശങ്ങളും. എല്ലാ പരാമർശങ്ങൾക്കും സർവ്വകലാശാല തലത്തിൽ ഉചിതമായ മറുപടി നൽകുകയും ആയത് പ്രസ്തുത വകുപ്പുകൾ പരിശോധിച്ചു വരുന്നതുമാണ്. |
| (സി) പരിശോധനയില്ലാതെ അഫിലിയേഷനും പുതിയ കോഴ്സുകളും അനുവദിച്ചെന്ന പരാതിയെ കുറിച്ച് അന്വേഷണം നടത്തിയിരുന്നോ; ഇതിന്റെയടിസ്ഥാനത്തിൽ സ്ഥാപനത്തിലെ ഉന്നത ഉദ്യോഗസ്ഥന്മാർക്കെതിരെ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയ കാര്യങ്ങൾ അറിയിക്കാമോ; | (സി) പരിശോധനയില്ലാതെ പുതിയ കോഴ്സുകളും അഫിലിയേഷനും അനുവദിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) സർവ്വകലാശാലയിലെ ഏതൊക്കെ ഉന്നത ഉദ്യോഗസ്ഥർക്കെതിരെയാണ് അന്വേഷണം നടക്കുന്നതെന്നും അവർക്കെതിരെയുള്ള ആരോപണങ്ങൾ എന്തെന്നും വെളിപ്പെടുത്താമോ? | (ഡി) നിലവിൽ സർക്കാർ തലത്തിൽ അന്വേഷണങ്ങൾ ഒന്നുംതന്നെ നടക്കുന്നില്ല. |

സെക്ഷൻ ഓഫീസർ